പലിശയും പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ 6.5% പലിശയും നൽകുന്നു. 180 ദിവസം മുതൽ 364 ദിവസം വരെയുള്ള നിക്ഷേപങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്ക് 6.25% പലിശയും ജില്ലാ സഹകരണ ബാങ്ക് 6.5% പലിശയും പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ 7% പലിശയും നൽകുന്നു. ഒരു വർഷം മുതൽ 3 വർഷം വരെയുള്ള നിക്ഷേപങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്ക് 7% പലിശയും ജില്ലാ സഹകരണ ബാങ്ക് 7.25% പലിശയും പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ 7.5% പലിശയും നൽകുന്നു. 3 വർഷവും അതിനു മുകളിലുള്ള നിക്ഷേപങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്ക് 7.25% പലിശയും ജില്ലാ സഹകരണ ബാങ്ക് 7.5% പലിശയും പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ 8% പലിശയും നൽകുന്നു.

(സി) 25,000 രൂപവരെയുള്ളതും അതിനു മുകളിലുമുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് നബാർഡിന്റെ പുനർ വായ്പാ പദ്ധതി പ്രകാരം ജില്ലാ സഹകരണ ബാങ്കുകൾ 6.75% പലിശ പ്രൈമറി സഹകരണ ബാങ്കുകളിൽ നിന്നും ഈടാക്കുന്നു. എന്നാൽ സ്വന്തം ഫണ്ടിൽനിന്നും നൽകുന്ന കാർഷിക വായ്പകൾക്ക് ജില്ലാ സഹകരണ ബാങ്കുകൾ പ്രൈമറി സഹകരണ ബാങ്കുകളിൽ നിന്നും 9.5% പലിശയാണ് ഈടാക്കി വരുന്നത്.

(ഡി) പരിശോധിക്കാവുന്നതാണ്.

## സഹകരണ സ്ഥാപനങ്ങൾ

136 [590] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ സ്ഥാപനങ്ങളുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണത്തിന്റെ ഓഡിറ്റ് കുടിശ്ശികയില്ലാതെ നടക്കുന്നു എന്നും നിലവിലുള്ള ഓഡിറ്റ് കുടിശ്ശിക എത്രയാണെന്നും അറിയിക്കാമോ;

(സി) കുടിശ്ശിക തീർക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

## ഉത്തരം

(എ) ആപ്കോസിന്റെ 2,498 ക്ഷീര സംഘങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തൊട്ടാകെയായി ആകെ 21,471 സഹകരണ സ്ഥാപനങ്ങളുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെയായി 3,674 സഹകരണ സംഘങ്ങളുടെ ആഡിറ്റ് കുടിശ്ശികയില്ലാതെ നടക്കുന്നു. നിലവിൽ 41,566 ആഡിറ്റുകൾ കുടിശ്ശികയാണ്. ഇതിൽ 4,928 ആഡിറ്റ്, 2,262 ആപ്കോസ് സംഘങ്ങളിലെ കുടിശ്ശികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തൊട്ടാകെയുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കുടിശ്ശിക ആഡിറ്റ് 30-9-2004-നകം തീർക്കത്തക്ക വിധത്തിൽ ഒരു തീവ്രയജ്ഞ പരിപാടി നടപ്പാക്കി വരുന്നു. ആഡിറ്റ് പുരോഗതി, സഹകര വകുപ്പുമന്ത്രി തന്നെ കാലാകാലങ്ങളിൽ അവലോകനം ചെയ്ത് കുടിശ്ശിക തീർക്കാൻ നിർദ്ദേശിക്കുന്നുണ്ട്. സംഘങ്ങൾ കണക്കുകൾ ആഡിറ്റിംഗിനായി സമർപ്പിക്കുന്നതിനും, സമകാല ഓഡിറ്റർമാർ ദീർഘ കാലാവധിയിൽ പ്രവേശിക്കുന്നതിന് മുമ്പ്, ചെയ്തുതീർത്ത ജോലികൾ സംബന്ധിച്ച് രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനും, കമ്പ്യൂട്ടറിൽ നിന്നു ലഭിക്കുന്ന സ്റ്റേറ്റുമെന്റുകൾ ഓഡിറ്റിനായി സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങൾ

137 [591] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ രജിസ്ട്രാർ ഇതിനകം രജിസ്റ്റർ ചെയ്ത മൊത്തം സഹകരണ സ്ഥാപനങ്ങളുടെ എണ്ണം സംഘങ്ങളുടെ കാറ്റഗറി അടിസ്ഥാനത്തിൽ ജില്ല തിരിച്ച് നൽകാമോ;

(ബി) ഇതിൽ ഇപ്പോഴും പ്രവർത്തനരഹിതമായിട്ടുള്ളവയിൽ ലിക്വിഡേഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളവ എത്രയെന്നും, ലിക്വിഡേറ്റ് ചെയ്തവ എത്രയെന്നും വിശദമാക്കാമോ?

## ഉത്തരം

(എ) സംസ്ഥാനത്താകെ 12,827 സഹകരണ സ്ഥാപനങ്ങൾ സഹകരണ സംഘം രജിസ്ട്രാറുടെ രേണത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം നടത്തിവരുന്നു. ഇത് കൂടാതെ പത്ത് അപ്പക്സ് സഹകരണ സംഘങ്ങളും പ്രവർത്തിച്ചുവരുന്നു. കാറ്റഗറി അടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള സംഘങ്ങളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) സംസ്ഥാനത്താകെ 692 സഹകരണ സ്ഥാപനങ്ങൾ 31-3-2004-ൽ ലിക്വിഡേഷൻ നടപടികൾക്ക് വിധേയമായി ബാക്കി നിൽക്കുന്നു. നാളിതുവരെ സംസ്ഥാനത്താകെ 1,028 സഹകരണ സംഘങ്ങൾ സമാപ്തീകരണം നടത്തിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly